LIBRARY ARCHIVES Kerala Legislative Assembly

വാഹന അപകടങ്ങൾ

364 (2194) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ടുവർഷത്തിനിടെ സംസ്ഥാനത്ത് വാഹന അപകടത്തിൽ എത്ര പേർ മരിച്ചു എന്നും പരിക്കേറ്റവർ എത്രയെന്നും വ്യക്തമാക്കുമോ ;

(ബി) റോഡ് സുരക്ഷാ ഫണ്ടിൽനിന്നും കഴിഞ്ഞ 3 വർഷത്തിനിടെ റോഡുകളുടെ സുരക്ഷയ്ക്കായി എന്തൊക്കെ കാര്യങ്ങൾ ചെയ്തു എന്നും ഇതിനായി എത്ര രൂപ ചെലവഴിച്ചു എന്നും വിശദമാക്കുമോ ;

(സി) കഴിഞ്ഞ 3 വർഷത്തിനിടെ, വാഹനങ്ങളുടെ രജിസ്ട്രേഷൻ, ഫീ, ഫൈൻ, ടാക്സ് എന്നീ ഇനത്തിൽ മോട്ടോർ വാഹന വകുപ്പിന് എത്ര തുക ലഭിച്ചു എന്ന് വിശദമാക്കുമോ ;

(ഡി) ഇതിൽ എത്ര രൂപ റോഡുകളുടെ സുരക്ഷയ്ക്കുവേണ്ടി ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ രണ്ടുവർഷത്തിനിടയിൽ സംസ്ഥാനത്ത് വാഹനാപകടങ്ങളിൽ 8307 പേർ മരണപ്പെടുകയും 81442 പേർക്ക് പരിക്കേൽക്കുകയുമുണ്ടായി.

(ബി) റോഡ് സുരക്ഷാ ഫണ്ടിൽനിന്നും കഴിഞ്ഞ മൂന്ന് വർഷത്തിനിടെ റോഡുകളുടെ സുരക്ഷക്കായി വിവിധ വകുപ്പുകൾക്കും ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്കുമായി നൽകിയ ഫണ്ടുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) 2012-2015 മാർച്ച് വരെ ഫീസിനത്തിൽ 617.31 കോടി രൂപയും പിഴയിനത്തിൽ 235.10 കോടി രൂപയും ടാക്സായി 5356.74 കോടി രൂപയും മോട്ടോർ വാഹന വകുപ്പിന് ലഭിച്ചു.

(ഡി) റോഡ് സുരക്ഷാ അതോറിറ്റിയിൽനിന്നും റോഡ് സുരക്ഷാ പ്രവർത്തനങ്ങൾക്കായി 59,24,11,301 രൂപ ചെലവഴിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.